**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3589** **08-10-2025 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ സർവേയർമാരുടേയുംഡ്രാഫ്റ്റ്സ്മാൻമാരുടേയും ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. കെ. രാജൻ (റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം ജില്ലയിൽ സർവേയർമാരുടേയും ഡ്രാഫ്റ്റ്സ്മാൻമാരുടേയും ഗണ്യമായ കുറവുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ ജില്ലയിലുള്ളതായ പ്രസ്തുത ഒഴിവുകൾ സംബന്ധിച്ച വിശദാംശം നൽകുമോ; | (എ) | നിലവിൽ മലപ്പുറം ജില്ലയിൽ സർവെയർ തസ്തികയിൽ 54 ഒഴിവുകളും,ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ 3ഒഴിവുകളും ഉണ്ട്. |
| (ബി) | സ്ഥാനക്കയറ്റവും സ്ഥലം മാറ്റവും നൽകുമ്പോൾ പ്രസ്തുത ജില്ലയിൽ തന്നെ ഒഴിവുണ്ടായിരിക്കെ മറ്റ ജില്ലകളിലേക്ക് നിയമനം നൽകുന്നതായും മറ്റ ജില്ലകളിൽ നിന്ന് പ്രസ്തുത ജില്ലയിലേക്ക് നിയമനം ലഭിക്കുന്നവർ ദീർഘ അവധിയിൽ പ്രവേശിക്കുന്നതു മൂലം പ്രസ്തുത ജില്ലയിലെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | 04/08/2021 ന് കാലാവധി പൂർത്തിയായ രണ്ടാംതരം സർവേയർ തസ്തികയിലെ റാങ്ക് ലിസ്റ്റിന് ശേഷം നാളിതുവരെ പുതിയ ലിസ്റ്റ് നിലവിൽ വരാത്തതിനാൽ വകുപ്പിൽ നിലവിലുള്ള ഒഴിവുകളിൽ സ്ഥിരം ജീവനക്കാരെ നിയമിക്കുവാൻ കഴിഞ്ഞിട്ടില്ല. നിലവിൽ വകുപ്പിൽ പുരോഗമിക്കുന്ന ഡിജിറ്റൽ റീസർവെ പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും പരിചയ സമ്പന്നരായ ജീവനക്കാരുടെ സേവനം അത്യന്താപേക്ഷിതമാണ്. അപ്രകാരം സ്ഥാനക്കയറ്റ വേളയിൽ ജീവനക്കാരെ മാറ്റി നിയമിക്കാറുണ്ട്. ജീവനക്കാർക്ക് അർഹതപ്പെട്ട അവധികൾ മാത്രമാണ് അനുവദിക്കുന്നത് അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്ന ജീവനക്കാർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കാറുണ്ട്.<br><br>2017 ന ശേഷം രണ്ടാം തരം ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ പി എസ് സി നിയമനം നടന്നിട്ടില്ലാത്തതിനാൽ വകുപ്പിൽ നിലവിലുള്ള ഡ്രാഫ്റ്റ്സ്മാന്മാരുടെ ഒഴിവുകളിൽ സ്ഥിരം ജീവനക്കാരെ നിയമിക്കുവാൻകഴിഞ്ഞിട്ടില്ലാത്തതാണ്. പുതിയ റാങ്ക് പട്ടിക നിലവിൽ വരുന്ന മുറയ്ക്ക് സ്ഥിര നിയമനം നടത്തുന്നതാണ്. |
| (സി) | എങ്കിൽ അവ പരിഹരിച്ച് മലപ്പുറം ജില്ലയിൽ സർവേയർമാരുടേയും ഡ്രാഫ്റ്റ്സ്മാൻമാരുടേയും ഒഴിവുകൾ നികത്തുവാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ജില്ലകളിൽ നിലവിലുള്ള രണ്ടാംതരം സർവെയർമാരുടെ ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രണ്ടാം തരം |

| | | | |
|---|---|---|---|
| | | | സർവെയർമാരുടെയും ഡ്രാഫ്റ്റ്സ്മാൻമാരുടേയും നിലവിലുള്ള ഒഴിവുകൾ പി.എസ്.സി -യിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന മുറയ്ക്ക് സ്ഥിരം നിയമനം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ